# ഏലിയ – സ്ലീഹ – മൂശാക്കാലം

## വചന വിചിന്തനം

### സ്ലീവക്കാലം രണ്ടാം ഞായർ

മത്താ 17,14-27

21/09/2014

ഹെബ്രായ ലേഖകൻ വിശ്വസത്തെ നിർവചിക്കുന്നത് ഇപ്രകാരമാണ്, "പ്രത്യാശിക്കുന്നവ ലഭിക്കും എന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് വിശ്വാസം" (ഹെബ്രാ 11,1). എങ്കിൽ, ഞാൻ സത്യക്രിസ്ത്യാനിയാണോ എന്ന് ചിന്തിക്കാൻ ഇതിനെ ഒന്ന് ചോദ്യരൂപത്തിലാക്കിയാൽ മതി. ക്രിസതുവിൽ ഞാൻ പ്രത്യാശിക്കുന്നവ ലഭിക്കും എന്ന ഉറപ്പും, എന്നെ സൃഷ്ടിച്ച് എന്നെ പരിപാലിക്കുന്ന ഒരു ദൈവമുണ്ട് എന്നുളള ബോദ്ധ്യവും എന്തുമാത്രമുണ്ട്? 'കണ്ണിൽ തടിയിരിക്കുന്നവൻ കരടിരിക്കുന്നവനെ കുറ്റം പറയുന്നു' എന്നതുപോലെ, അപസ്മാരരോഗിയെ സുഖപ്പെടുത്താൻ സാധിക്കാത്ത ക്രിസ്തുശിഷ്യരെ കുറ്റംപറയുന്നതിന് മുമ്പ് നാം ആത്മഗതം ചെയ്യേണ്ട ചോദ്യവും ഇത് തന്നെയാണ്.

തന്റെ മകന് വേണ്ടി കേണപേക്ഷിക്കുന്ന ഒരു പിതാവിന്റെ ചിത്രമാണ് ചന്ദ്രഭാഗം. മക്കളെയോർത്ത് ദുഖിക്കുന്ന മാതാപിതാക്കൾക്കുള്ള ഓർമ്മപ്പെടുത്തലും ഇത് തന്നെയാണ് "കർത്താവിന്റെ സന്നിധിയിൽ സൗഖ്യം തിരയുക!"

കല്ല്യാൺ ജ്വല്ലറിയുടെ പരസ്യത്തിൽ നാം എപ്പോഴും കേൾക്കുന്ന ഒന്നാണ്, "വിശ്വാസം അതല്ലേ എല്ലാ." വിശ്വാസമാണ് ജീവിതത്തെ മുന്നോട്ട് നയിക്കുന്ന ചാലകശക്തി. വിശ്വാസം നഷ്ടപ്പെടുക എന്നത് മനുഷ്യന് സംഭവിക്കാവുന്ന ഏറ്റവും വലിയ പ്രതിസന്ധികളിൽ ഒന്നാണ്. വ്യക്തിബന്ധങ്ങളും, കുടുംബ ബന്ധങ്ങളും സമൂഹബന്ധങ്ങളും നിലനിൽക്കുന്നത് തന്നെ ഈ വിശ്വസത്തിന്റെ പുറത്താണ്. 'ഇന്ന വ്യക്തി എന്റെ അപ്പൻ, ഇന്ന വ്യക്തി എന്റെ അമ്മ' എന്നത് വിശ്വാസം മാത്രമാണ്. ഞാൻ ഡി.എൻ.എ ടെസ്റ്റ് നടത്തിയിട്ടല്ല എന്റെ അപ്പനെയും അമ്മയെയും തിരിച്ചറിയുന്നത്. റോഡിലൂടെ നടക്കുമ്പോൾ എതിരെ വരുന്ന വാഹനങ്ങൾ ഇടിക്കില്ല എന്നുളള ഉറച്ച വിശ്വാസത്തിന്റെ പുറത്താണ് ഞാൻ വഴിയരികിലൂടെ നടന്ന് പോകുന്നത്. വിവാഹവേളയിൽ വിരുന്നുണ്ണാൻ പോകുമ്പോൾ ഭക്ഷണത്തിൽ വിഷമില്ല എന്നുളള വിശ്വാസത്തിന്റെ പുറത്താണ് നാം അത് ഭക്ഷിക്കുന്നത്. ഞാൻ വയ്ക്കുന്ന മാവിൻതൈയ്യും, പ്ലാവും, തെങ്ങും, റബറും, കപ്പയുമെല്ലാം എനിക്ക് നല്ല ഫലം തരും എന്ന വിശ്വാസത്തിന്റെ പുറത്താണ് വെളളവും വളവും നൽകി പരിപോഷിപ്പിക്കുന്നത്. എന്നാൽ, ഇവിടെയൊക്കെ വിശ്വാസം ക്ഷയിച്ചാൽ എന്താകും അവസ്ഥ? വിശ്വാസം ക്ഷയിക്കുമ്പോൾ മനസിൽ കുടിയേറുന്നവയാണ് നിരാശയും, ഭയവും, ഉൽകണ്ഠയും, ആകാംക്ഷയും.

ഇവിടെയൊക്കെ ക്രിസ്തുവിന് എനിക്ക് സമ്മാനിക്കാനുളളത്, "മലയെ മാറ്റുന്ന വിശ്വാസത്തെ കുറിച്ചാണ്." കർത്താവ് പറയുന്നു, "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്ന് മാറി മറ്റൊരു സ്ഥലത്തേയ്ക്ക് പോവുക എന്നു പറഞ്ഞാൽ അത് മാറിപോകും. നിങ്ങൾക്ക് യാതൊന്നും അസാധ്യമായിരിക്കുകയില്ല." (മത്താ 17,20-21). വിശ്വാസമെന്നത് എന്താണെന്ന് കൂടുതൽ വ്യക്തമാക്കുകയാണ് ക്രിസ്തു. 'വിശ്വാസമെന്നത് നമ്മെ അത്ഭുതങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുന്ന ശക്തിയന്നതിലുപരി, ദൈവത്തിന്റെ അൽഭുതകരമായ ഇടപെടലിന് വഴിയൊരുക്കുന്ന ദൈവാശ്രയ ബോധമാണെന്നർത്ഥം.' ക്രിസ്തു പറയുന്നത് 'നീ നിന്റെ ശക്തിയിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ' എന്നല്ല, മറിച്ച്, 'ദൈവത്തിൽ നിനക്ക് വിശ്വാസമുണ്ടെങ്കിൽ, ദൈവാശ്രയബോധമുണ്ടെങ്കിൽ, ഈ മലയോട് ഇവിടെ നിന്ന് മാറി മറ്റൊരു സ്ഥലത്തേയ്ക്ക് പോവുക എന്നു പറഞ്ഞാൽ

അത് മാറിപോകും. നിങ്ങൾക്ക് യാതൊന്നും അസാധ്യമായിരിക്കുകയില്ല" (മത്താ 17,20 - 21) എന്നാണ്.

കാണപ്പെടാത്തതിനെ വിശ്വസിക്കുക എന്നതാണ് ഏറ്റവും പ്രയാസകരം. അതുകൊണ്ട് തന്നെ വിശ്വാസത്തെ പലപ്പോഴും നിർവചിക്കുന്നത് ഇപ്രകാരമാണ്, "അന്ധകാരത്തിലേയ്ക്കുള്ള കുതിച്ച് ചാട്ടമാണ് വിശ്വാസം" (Leap into darkness). ഈ വിശ്വാസം സ്വന്തമാക്കിയവർക്ക് മാത്രമാണ് രക്ഷയുടെ സുഖം അനുഭവിച്ചറിയാൻ സാധിക്കുന്നത്. തൊണ്ണൂറുവയസ് കഴിഞ്ഞ അബ്രാഹം, ദൈവത്തിന്റെ വാക്കുകേട്ട്, ഒരായുസിൽ നേടിയതെല്ലാം വഴിയരികിൽ ഉപേക്ഷിച്ച് സ്വപുത്രനെപ്പോലും ബലിയർപ്പിക്കാനുള്ള വിശ്വാസബോദ്ധ്യത്തോടുകൂടി ദൈവവഴിയിലൂടെ സഞ്ചരിച്ചപ്പോഴാണ് ദൈവം അവനെ വിശ്വാസികളുടെ പിതാവായ് ഉയർത്തിയത്. മുൻപിൽ ചെങ്കടലും പിൻപിൽ ഈജിപ്ത് സൈന്യവും ഇസ്രായിൽ ജനത്തെ വളഞ്ഞപ്പോൾ മോശയ്ക്ക് ഇസ്രായിൽക്കാരുടെ അടുത്ത് പറയാനുള്ളത് "നിങ്ങൾ ശാന്തരായിരുന്നാൽ മതി. കർത്താവ് നമുക്ക് വേണ്ടി യുദ്ധം ചെയ്തുകൊള്ളും" (പുറ 14,14). ഇതാണ് വിശ്വാസം. പതിമൂന്ന് വയസ് മാത്രം പ്രായമുള്ള പെൺകുട്ടി ദൈവദൂതന്റെ വാക്ക് കേട്ട്, "നിന്റെ വചനം എന്നിൽ സംഭവിക്കട്ടെ" എന്ന് പറഞ്ഞ് ദൈവഹിതത്തിന് വിധേയമാകുന്നുണ്ടെങ്കിൽ ഒന്നുറപ്പാണ്, "ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവത്തിന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് എല്ലാം നന്മയ്ക്കായ് പരിണമിപ്പിക്കുന്നു" എന്നുള്ള ഉറച്ച വിശ്വാസമുള്ളത് കൊണ്ടാണ്. അതുകൊണ്ട് അവൾ വിശ്വാസികളുടെ മാതാവായി.

കടുകുമണി മലയേക്കാൾ വലുതാണെന്ന് ക്രിസ്തു പഠിപ്പിക്കുകയാണ്... കടുകുമണിപ്പോലെ സൂക്ഷ്മമായ വിശ്വാസമുണ്ടെങ്കിൽ ഒരു വ്യക്തിയുടെ ജീവിതത്തിൽ മലയായ് നിൽക്കുന്ന ഏത് പ്രതിബന്ധങ്ങളെപ്പോലും തച്ചുടയ്ക്കാമെന്ന്...

നമുക്കാവശ്യം ഈ വിശ്വാസം തന്നെയാണ്, "എന്നെ സൃഷ്ടിച്ച്, എന്നെ പരിപാലിച്ച്, എനിക്ക് രക്ഷ സമ്മാനിക്കുന്ന ദൈവത്തെ ഞാൻ സ്നേഹിക്കുന്നുണ്ടെങ്കിൽ, അവിടുന്ന് എല്ലാം എനിക്ക് നന്മയ്ക്കായ് പരിണമിപ്പിക്കും" എന്നുള്ള വിശ്വാസം.

ചെറുപ്പത്തിൽ കേട്ടിരിക്കുന്ന കഥകളിൽ ഒന്ന്. തീ പിടിച്ച് കത്തിയമരുന്ന ബഹുനില കെട്ടിടം. ഒന്നാമത്തെ നിലയിൽ തീയാകെ പടർന്നിരിക്കുന്നു. രക്ഷാപ്രവർത്തനം ഏറെ ദുഷ്കരമാണ്. എല്ലാവരെയും രക്ഷപ്പെടുത്തിയപ്പോഴാണ് അവർ തിരിച്ചറിയുന്നത്, ആറ് വയസ് പ്രായമുള്ള ഒരു കുട്ടികൂടി മുകളിൽനിന്ന് രക്ഷയ്ക്ക് വേണ്ടി കേണപേക്ഷിക്കുന്നുണ്ട്. എല്ലവരും വല വിരിച്ചിട്ട് അവനോട് ചാടാൻ പറയുമ്പോൾ അവൻ പറയുകയാണ്, "ഞാൻ ചാടില്ല, എനിക്കൊന്നും പുകകാരണം കാണാൻ വയ്യ. എനിക്ക് പേടിയാണെന്ന്." അപ്പോൾ, അപ്പൻ താഴെനിന്ന് വിളിച്ച് പറയുകയാണ്, "മോനെ, ഞാൻ നിന്നെ കാണുന്നുണ്ട്. നീ ധൈര്യമായി ചാടിക്കോ. ഞാൻ നിന്നെ പിടിച്ചുക്കൊള്ളാം." ഇത് കേട്ടനിമിഷം തന്നെ അവൻ മുകളിൽ നിന്ന് താഴെയ്ക്ക് ചാടുകയാണ്. ഇതാണ് വിശ്വാസം. എന്നെ പരിപാലിക്കാൻ ഒരാളുണ്ട് എന്ന വിശ്വാസം.

ഇതിനോട് സദൃശ്യമായ സർദ്ദാർജ്ജി തമാശ കഥകളിലൊന്ന്, തീ പിടിച്ച കെട്ടിടത്തിൽ നിന്ന സർദ്ദാരജ്ജിയെ രക്ഷിക്കാന് താഴെ വല വിരിച്ച് പിടിച്ചിട്ട് ചാടാൻ പറയുമ്പോൾ സർദ്ദാർജ്ജി പറയുകയാണ്, "എനിക്ക് നിങ്ങളെ ആരെയും വിശ്വാസമില്ല. ഞാൻ ചാടുമ്പോൾ നിങ്ങൾ വല മാറ്റിയാലോ. അതുകൊണ്ട് വിരിച്ച് പിടിച്ചിരിക്കുന്ന വല തറയിൽ വിരികക്കുകയാണെങ്കിൽ ഞാൻ ചാടമെന്ന്." വിശ്വസമില്ലായ്മ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്ന ആപത്തുകൾ എത്രയെണ്ണം!!!

നയാഗ്ര വെള്ള ചാട്ടത്തിന് കുറുകെ കെട്ടിയിരിക്കുന്ന കയറിലൂടെ മകനെയും വഹിച്ച് ഇപ്പുറത്തെത്തിയ അഭ്യാസിയുടെ തോളത്തിരുന്ന മകനോട് ചോദിച്ച ചോദ്യങ്ങളിലൊന്ന്. "വെള്ള ചാട്ടത്തിന് കുറുകെ കെട്ടിയിരുന്ന കയറിലൂടെ അപ്പന്റെ

തോളത്തിരുന്ന് പോരാൻ ഭയമില്ലായിരുന്നോ?" ഇതിന് മകൻ പറഞ്ഞ മറുപടി, "എനിക്ക് എന്റെ അപ്പനിൽ വിശ്വാസമുണ്ടായിരുന്നു. അപ്പന് എന്തൊക്കെ പറ്റിയാലും എന്നെ രക്ഷിക്കുമെന്ന്."

നമുക്കിന്നാവശ്യം മലയെ മാറ്റുന്ന വിശ്വാസമാണ്. 'മല'യെന്നുപറയുന്നത് ഒരു വ്യക്തി ഇന്ന് ജീവിതതതിൽ അഭിമുഖികരിക്കുന്ന സകല പ്രശ്നങ്ങളുമാണ്. ഈ മലയെ മാറ്റണമെങ്കിൽ വിശ്വാസം ജീവിത്തിൽ കൂടിയെ തീരു. കർത്താവിൽ ആശ്രയിക്കുന്നവർക്കു മാത്രമെ ഈ മലയെ അകറ്റിനിർത്താൻ കഴിയു. വചനം പറയുന്നു, "കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗ്രഹീതൻ; അവന്റെ പ്രത്യാശ കർത്താവ് തന്നെ. അവൻ ആറ്റുതീരത്ത് നട്ട മരം പോലെയാണ്. അത് വെള്ളത്തിലേയ്ക്ക് വേരുന്നിയിരിക്കുന്നു. അതു വേനൽക്കാലത്തെ ഭയപ്പെടുന്നില്ല. അതിന്റെ ഇലകൾ എന്നും പച്ചയാണ്; വരൾച്ചയുടെ കാലത്തും അതിന് ഉത്കണ്ഠയില്ല; അതു ഫലം നൽകികൊണ്ടിരിക്കും" (ജെറമിയ 7,7 - 9).

S.S.L.C -ക്ക് ഒന്നാം റാങ്ക് ലഭിച്ച കുട്ടി പറഞ്ഞത്,
"ഞാൻ ദൈവത്തിൽ വിശ്വസിച്ചു...
എന്നിലും വിശ്വസിച്ചു...
എന്നിൽ അൽഭുതങ്ങൾ വിളയാടി!!!"

ശിഷ്യൻമാർ തനിച്ച് കർത്താവിന്റെ പക്കലെത്തി ചോദിക്കുന്നു, "കർത്താവേ, എന്തുകൊണ്ടാണ് ഞങ്ങൾക്കിത് കഴിയാതെ പോകുന്നത്?" (7,19). ക്രിസ്തുശിഷ്യർ അനുകരണിയമായ മാതൃകയാണ് കാണിച്ച് തരുന്നത്. ജീവിതത്തിൽ പരാജയപ്പെട്ടുപോകമ്പോൾ ശിഷ്യർ തനിച്ചുചെന്ന് ക്രിസ്തുവിനോട് കാരണമന്വേഷിക്കുന്നു. ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരാജയപ്പെടുമ്പോൾ ക്രിസ്തുശിഷ്യർ കാണിച്ച് തന്ന മാതൃകയെ ഓർക്കാം. കർത്താവ് അവരെ ശ്രവിക്കുന്നു... തോൽവിയുടെ കാരണം കാണിക്കുന്നു... പ്രത്യാശ നൽകുന്നു... വിജയിക്കാനുള്ള മാർഗ്ഗമുപദേശിക്കുന്നു... വിശ്വാസവും പ്രത്യാശയും അതാണെല്ലാം!!!

ക്രിസ്തുവിന്റെ രൂപാന്തരപ്പെടലിന് ശേഷമാണ് ഈശോ, ശിഷ്യൻമാർക്ക് സാധിക്കാത്ത, അപസ്മാര രോഗിക്ക് സൗഖ്യം സമ്മാനിക്കുന്നത്. പ്രാർത്ഥനയിലൂടെ ശക്തി സ്വീകരിച്ച് അൽഭുതം പ്രവർത്തിക്കുന്ന ഈശോ. പല അൽഭുതങ്ങൾക്ക് നമ്മൾ കാരണമാകാത്തതിനും, നമ്മിൽ അൽഭുതങ്ങൾ നടക്കാത്തിതിനും കാരണം ഇതു തന്നെയാണ്. വിശ്വാസമുണ്ടെങ്കിലെ പ്രാർത്ഥിക്കാൻ കഴിയു. പ്രാർത്ഥിക്കുന്നവരുടെ ജീവിത്തിലെ രൂപാന്തരീകരണം നടക്കുകയൊള്ളു... രൂപാന്തരീകരണം നടക്കുന്നയിടങ്ങളിലെ അൽഭുതങ്ങൾ അരങ്ങേടുകകയൊള്ളു...

---

ഫാ. ജോബി മേനോത്ത്